**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3529** **14-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ചികിത്സാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽനിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ലഭിച്ച അപേക്ഷകളുടെ വിശദ വിവരം അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | എത്ര രൂപയാണ് അപേക്ഷകർക്ക് നൽകിയതെന്നും ഏതെല്ലാം സഹായമാണ് ലഭ്യമാക്കിയതെന്നും അറിയിക്കുമോ; | (ബി) | ഓരോ പദ്ധതി പ്രകാരം എത്ര രൂപയാണ് അപേക്ഷകർക്ക് നൽകിയതെന്നും ഏതെല്ലാം സഹായമാണ് ലഭ്യമാക്കിയതെന്നുമുള്ള വിവരം അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) | ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളവ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളവ സംബന്ധിച്ച വിശദാംശം അനുബന്ധം-III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

1. ശ്രുതിതരംഗം പദ്ധതി – ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ മണ്ഡലത്തിൽ നിന്നും ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ചുവടെ ചേർക്കുന്ന 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർക്ക് ഈ പദ്ധതിയിലൂടെ കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ നടത്തുന്നതിനുള്ള ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

| Sl.No | Name of the Applicant | Address |
|---|---|---|
| 1 | Mehamood Ibrahim | S/o Nasiya Naseer, Pandyalakkal, Mannancheri P.O, Alappuzha- 688538 |
| 2 | Jeswin Jithin | S/o Jithin G, Karakkattu House, Chethi P.O, Mararikulam North, Alappuzha- 688530 |
| 3 | Ameya Sarath V.V | D/o Sarath V.S, Vattathara Veedu, North Aryad P.O, Mannanchery, Ambalappuzha, Alappuzha- 688538 |
| 4 | Ishaan Josh | S/o Joshy N.G, Mullassery veli, Muhamma P.O, Cherthala,, Alappuzha- 688525. |

2. മെയിന്റനൻസ് പദ്ധതി

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ശ്രുതിതരംഗം മെയിന്റനൻസ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും 52 അപേക്ഷകർക്ക് കോക്ലിയാർ ഇംപ്ലാന്റുകളുടെ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

3. വീകെയർ പദ്ധതി – ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ നിന്നും 54 അപേക്ഷകളാണ് ചികിത്സാ സഹായത്തിനായി വീകെർ പദ്ധതിയിൽ ലഭിച്ചിട്ടുള്ളത്. ഇവയുടെ നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

4. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി). – ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ നിന്നും 23 അപേക്ഷകൾ ഈ പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ട്. അതിൽ 10 അപേക്ഷകൾ അംഗീകരിച്ച് ചികിത്സാ സഹായം നൽകി വരുന്നു. ആലപ്പുഴ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

## അനുബന്ധം-II

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ലഭ്യമാക്കിയ സഹായങ്ങൾ |
|---|---|---|---|
| 1 | ശ്രുതിതരംഗം പദ്ധതി | 15,16,872/- രൂപ (ഒരു കുട്ടിയ്ക്ക് 3,79,218,/- രൂപ നിരക്കിൽ ശസ്ത്രക്രിയ നടത്തുന്നതിനായി ഇംപ്ലാന്റുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത് | ടി അപേക്ഷകർക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി 3,79,218/- രൂപ വിലയുള്ള ഇംപ്ലാന്റുകൾ വാങ്ങി തിരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ എത്തിച്ച് സർജറി നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനുള്ള സൗകര്യവും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| 2 | മെയിന്റനൻസ് പദ്ധതി | 14,05,320/- രൂപ (കോക്ലിയാർ ഇംപ്ലാന്റുമായി ബന്ധപ്പെട്ട് കേടായ അനുബന്ധ ഉപകരണങ്ങൾ കമ്പനികളിൽ നിന്നും വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്). | കോക്ലിയാർ ഇംപ്ലാന്റിന്റെ കേടായ അനുബന്ധ ഉപകരണങ്ങൾ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട കമ്പനികളിൽ നിന്നും വാങ്ങി നൽകി വരുന്നു. |
| 3. | വീകെയർ പദ്ധതി | 7,95,048/- രൂപ | വീകെയർ പദ്ധതിയിൽ ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ശസ്ത്രക്രിയയ്ക്കും, മരുന്നിനുമായി ബന്ധപ്പെട്ട ആശുപത്രികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ചികിത്സയ്ക്കായി വ്യക്തികൾക്കും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| 4 | ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി). | ടി പദ്ധതി മുഖേന വ്യക്തികൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. | മിഠായി പദ്ധതി വഴി ചികിത്സാ സഹായമാണ് നൽകി വരുന്നത്. ടൈപ്പ് 1 രോഗബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ, രക്തത്തിലെ പഞ്ചസാരയുടെ അളവ് നോക്കുന്നതിനുള്ള ഉപകരണങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നൽകി വരുന്നു. |